# വസ്ത്രധാരണം ഇസ്ലാമിൽ

സഹോദരാ നാമൊക്കെ മുസ്ലിംകളാണ ല്ലോ. സമർപ്പിക്കുന്നവൻ, കീഴൊതുങ്ങിയ വൻ എന്നൊക്കെയാണ് ആ പദത്തിന്റെ അർത്ഥം. അഥവാ സൃഷ്ടാവും സംരക്ഷക നുമായ അല്ലാഹുവിന്റെ നിയമ നിർദ്ധേ ശങ്ങൾക്ക് കീഴൊതുങ്ങി ജീവിക്കുന്നവൻ എന്നാണ് അതിന്റെ വിവക്ഷ.

എണ്ണിയാലൊതുങ്ങാത്ത, കയ്യും കണക്കുമില്ലാത്ത അനുഗ്രഹങ്ങൾ നൽ കിയവനാണ് നമ്മുടെ നാഥൻ. വായു, വെള്ളം, വസ്ത്രം, ആഹാരം ആരോഗ്യം, ഇങ്ങനെ എത്രയെത്ര അനുഗ്രഹങ്ങൾ. ഇതിന് പകരമായി നാം അവന് യാതൊ ന്നും തന്നെ നൽകുന്നില്ല. ഏറ്റവും ചരു ങ്ങിയത് ഒരു നന്ദിയുള്ള അടിയാനായി ജീ വി ക്കാനെങ്കിലും നമുക്ക് കഴിയ ണം. എല്ലാ വിഷയങ്ങളിലും അവന്റെ നിയമനിർദ്ധേ ശങ്ങളും വിധിവിലക്കുകളും പാലിക്കുന്ന തിലൂടെയാണ് ഒരു വിനീതനായ നന്ദിയുള്ള ദാസനായി തീരുക. അല്ലാഹു തൃപ്തിപെട്ട ഇസ്ലാം ദീനിൽ ചെറുതും വലുതുമായ എല്ലാ കാര്യങ്ങൾക്കും ചിട്ടവട്ടങ്ങളും നിയ മങ്ങളുമുണ്ട്. വസ്ത്രവുമായി ബന്ധപെട്ട ഇസ്ലാമിന്റെ ചില നിയമങ്ങളാണ് ചുവടെ ചേർക്കുന്ന ത് .

അല്ലാഹു പറയുന്നു: ‘‘ആദം സന്തതികളേ നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യ സ്ഥാനങ്ങൾ മറയ്കാനുതകുന്ന വസ്ത്ര വും അലങ്കാര വസ്ത്രവും നൽകിയിരി ക്കുന്നു. ധർമനിഷ്ഠയാകുന്ന വസ്ത്രമാക ട്ടെ അതാണ് കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളി ൽ പെട്ടതത്രെ അത്’’ (അഅ്റാഫ് : 26)

ലോകത്തുള്ള കോടികണക്കി നാളുകൾ വിവിധ രൂപത്തിലും വർണ്ണ ത്തിലുമുള്ള പല തരം വസ്ത്രങ്ങൾ ധരി ക്കുന്നു. മനുഷ്യ വർദ്ധനവിനനുസരിച്ച് വ സത്രങ്ങൾ കുറയുന്നില്ല എന്നുമാത്രമ ല്ല, പുതിയവസ്ത്രങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് അല്ലാഹുവിന്റെ അപാരമായ അനു ഗ്രഹത്തെയാണ് അറിയിക്കുന്നത്. ഒരു മു സ്ലിമിനെ സംബന്ധിച്ചടത്തോളം അവന് നിഷിദ്ധമായ വസ്ത്രങ്ങളായി യാതൊന്നും തന്നെഇല്ല അൽപം ചിലതല്ലാതെ. പുരുഷ ന്മാർക്ക് പട്ടുവസ്ത്രം നിഷിദ്ധമാണ്. അപ്ര കാരംതന്നെ മറ്റു മത വിഭാഗങ്ങളുടേതായി അറിയപെടുന്ന വസ്ത്രങ്ങളും അണിയാൻ പാടുള്ളതല്ല. പുരുഷൻ സ്ത്രീയുടെ വസ്ത്രവും സ്ത്രീ പുരുഷന്റെ വസ്ത്രവും അണിയാൻ പാടില്ല. വസ്ത്രം വാങ്ങുമ്പോൾ ദൂർത്തും പൊങ്ങച്ചവും ഇല്ല എന്നുറപ്പു വരു ത്തുവാൻ നമുക്ക് കഴിയണം. ഇസ്ലാം നിർദ്ധേശിക്കുന്ന നഗ്നത (ഔറത്ത്) സ്ത്രീ പുരുഷന്മാർ കൃത്യമായി മറച്ചിരിക്കണം. ശരീരാവയവങ്ങൾ തുറിച്ചു കാണിക്കുന്ന, ഇടുങ്ങിയതും ശരീരം കാണുന്ന രൂപ ത്തിലുള്ള നേരിയതുമായ വസ് ത്രം അവർ ക്ക് അനുവദനീയമല്ല. പുതു വസ്ത്രം അണിയുമ്പോഴും സാധാരണ വസ്ത്രം ധരിക്കുമ്പോഴുമെല്ലാം ഇസ്ലാം പഠിപ്പിച്ച പ്രാർത്ഥനകൾ ചൊല്ലണം. വലതുഭാഗം കൊണ്ടാണ് ആരംഭിക്കേണ്ടത്. പുരുഷനെ ആകർഷിക്കുന്നതും മനം കവരുന്നതുമായ വസ്ത്രങ്ങൾ അണിഞ്ഞ് സ്ത്രീകൾ പുറ ത്തിറങ്ങാൻ പാടുള്ളതല്ല. പാശ്ചാത്യ ലോക ത്തു നിന്ന് പകർത്തിയതോ, നടീ, നടന്മാരു ടേയോ, കായിക താരങ്ങളുടേയോ ഉടയാട കൾ കണ്ട് അനുകരിച്ചോ ആകരുത് നമ്മുടെ വസ് ത്രങ്ങൾക്ക് രൂപകൽപന നൽകേണ്ടത്. മറിച്ച് എല്ലാ വിഷയത്തിലും നാം പിൻതു ടരേണ്ടത് ലോക ജനതക്ക് കാരുണ്യ മായി കടന്നുവന്ന അന്ത്യപ്രവാചകൻ മുഹമ്മദ് നബിﷺയുടെ മാതൃകയായിരിക്കണം. അതാ ണല്ലോ أشهد أن محمدا رسول الله എന്നതിന്റെ അർത്ഥം. ഇങ്ങനെ വസ്ത്രധാരണവുമായി ബന്ധപെട്ട് വളരെ കൃത്യമായ നിർദ്ധേ ശങ്ങൾ ഇസ്ലാം പഠിപ്പിക്കുന്നുവെങ്കിലും പലപ്പോഴും മുസ്ലിം സമൂഹം അത് മുഖ വിലക്ക് എടുക്കാറില്ല. ഉദാഹരണമായി പുരുഷന്മാർ നെരിയാണിക്ക് താഴെ വസ്ത്രം വലിച്ചിഴക്കുന്നത് തന്നെ എടുക്കാം; പലതരം മുറി ന്യായങ്ങളാണ് അവർക്കതിന് പറയാ നുള്ളത്. മറ്റ് ആളുകൾ തന്നെ ഒരു പഴ ഞ്ചനായി മുദ്ര കുത്തുമോ എന്ന ഭയത്താൽ വസ്ത്രം ഇറക്കി ഉടുക്കുന്നർ, അവർ പട ച്ചവനെ ഭയപെടുന്നതിന് പകരം പടപ്പുകളെ ഭയപ്പെടുന്നു. സദാസമയവും മുനിസിപ്പാ ലിറ്റി ജീവനകാരന്റെ ജോലി നിർവഹിക്കുന്ന വസ്ത്രത്തിന്റെ ഉടമകൾ, അവർ ചെയ്യുന്നത് തെറ്റാണ് എന്ന ബോധ്യം ഉള്ളതു കൊണ്ടാ ണ് നമസ്കരിക്കാൻ നിൽകുമ്പോൾ വ സ്ത്രം അൽപം പൊക്കിയുടുക്കുന്നത്. ഒരിഞ്ച് വസ്ത്രത്തിന്റെ പേരിലാണോ സ്വർഗ വും നരകവും നിർണ്ണയിക്കപെടുന്നത് എന്ന ധിക്കാരത്തിന്റെ സ്വരം ചിലരിൽനിന്നെ ങ്കിലും നാം കേൾക്കുന്നു. അഹങ്കാര ത്തോടെ വസ്ത്രം നിലത്തിഴക്കുന്നതാണ് ഇസ്ലാം നിരോധിച്ചത് എന്ന് ന്യായീ കരി ക്കുന്നവർ, അവരുടെ ആ ന്യായീ കരണം തന്നെ അഹങ്കാരമാണ്. എന്നെ തല്ലേണ്ട മ്മാവാ ഞാൻ നന്നാവില്ല എന്ന രൂപത്തിൽ ഒരു മാറ്റവും ഇല്ലാത്ത ആളുകളും കുറവല്ല. എന്നാൽ ഈ വിഷയത്തെക്കുറിച്ച് ഇസ്ലാ മിന്റെ അദ്ധ്യാപനം എന്ത് എന്ന് പ്രവാചക

നെ സ്നേഹിക്കുന്ന ഒരു യഥാർത്ഥ വിശ്വാസി മനസ്സിലാക്കിയിരിക്കണം. വസ്ത്രം വലിച്ചിഴക്കൽ നിഷിദ്ധമാണെന്ന് താഴെ പറയുന്ന കാര്യങ്ങളാൽ വ്യക്തമാണ്

(1) പുരുഷന്മാരുടെ വസ്ത്രത്തിന്റെ അതിര് വളരെ കൃത്യമായി ഇസ്ലാം കാണിച്ചു തന്നു.

നബിﷺപറഞ്ഞു: ഒരു മുസൽമാന്റെ വസ്ത്രം കണങ്കാലുകളുടെ പകുതിവരേയാകുന്നു. കണങ്കാലിന്റെയും നെരിയാണിയുടേയും ഇടയിൽ ആകുന്നതിനും കുഴപ്പമില്ല. അതിന് കീഴെയാണെങ്കിൽ അത് നരകത്തിലാകുന്നു. അഹങ്കാരത്തോടു കൂടി വസ്ത്രം നിലത്ത് ഇഴച്ചവനെ അല്ലാഹു നോക്കുകപോലുമില്ല. (അഹ്മദ്)

ഹുദൈഫﷺപറയുന്നു: റസൂൽﷺ എന്റെ അല്ലെങ്കിൽ പ്രവാചകന്റെ തന്നെ കണങ്കാലിന്റെ പേശിയുടെ താഴ്ഭാഗത്ത് പിടിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: ഇതാണ് തുണിയുടെ സ്ഥാനം ഇനി താങ്കൾക്ക് പോരാ എന്ന് തോന്നുകയാണെങ്കിൽ ഒരൽപം കൂടി താഴെ. വീണ്ടും പോരാ എന്ന് തോന്നുകയാണെങ്കിൽ ഒരൽപം കൂടി താഴെ. ഇനിയും പോരാ എന്ന് തോന്നിയാൽ നെരിയാണിയിൽ വസ്ത്രത്തിന് യാതൊരു അവകാശവുമില്ല.(ഇബ്നുമാജ)

(2) പ്രവാക ചര്യക്ക് വിപരീതമാണ് ഈ പ്രവർത്തനം.

(3)ദൂർത്തും അമിതവ്യയവും ആകുന്നു.

(4) വസ്ത്രം വലിച്ചിഴക്കൽ മുഖേന അഹംഭാവവും അഹങ്കാരവും മനുഷ്യനിൽ ഉണ്ടാകുന്നു.

നബിﷺ പറഞ്ഞു: ‘‘ സ്ത്രം നിലത്ത് ഇഴക്കുന്നതിനെ നീ ശ്രദ്ധിക്കുക തീർച്ചയായും അത് അഹങ്കാരത്തിൽ പെട്ടതാകുന്നു’’ (അഹ്മദ്)

(5) വസ്ത്രം നിലത്തിഴക്കൽ സ്ത്രീകളുമായി സാമ്യപ്പെടലാകുന്നു.

(6) മ്ലേച്ചവും വൃത്തികെട്ടതുമായ വസ്തുകൾ ശരീരത്തിൽ പറ്റിപിടിക്കുന്നു.

ഉമർﷺ കുത്തേറ്റ് കിടക്കുന്ന സന്ദർഭത്തിൽ പലരും അദ്ദേഹത്തെ സന്ദർശിക്കുവാൻ വേണ്ടി വന്നു. വസ്ത്രം നിലത്തിഴച്ച് മടങ്ങി പോകുന്ന ഒരു ചെറുപ്പക്കാരനെ നോക്കി മരണവുമായി മല്ലിടുന്ന അദ്ദേഹം പറഞ്ഞു ‘‘സഹോദര പുത്രാ നീ നിന്റെ വസ്ത്രം പൊക്കിയുടുക്കുക അതാണ് നിന്റെ വസ്ത്രത്തിന്റെ വൃത്തിക്കും നിന്റെ രക്ഷിതാവിനോടുളള സൂക്ഷ്മതക്കും നല്ലത്. (ബുഖാരി)

(7) ഇത്തരം ആളുകൾക്ക് അല്ലാഹുവിന്റെ ശക്തമായ താക്കീതും മുന്നറിയിപ്പും :

നബിﷺ പറഞ്ഞു: നെരിയാണിക്കു താഴെയുളള വസ്ത്രം, അത് നരകത്തിലാകുന്നു( ബുഖാരി)

നബിﷺ പറഞ്ഞു: അഹങ്കാരത്തോടു കൂടി വസ്ത്രം നിലത്ത് ഇഴച്ചവനെ അല്ലാഹു പരലോകത്ത് നോക്കുക പോലുമില്ല’’ (ബുഖാരി)

അതിനാൽ സഹോദരാ ഒരു ഗുണകാംഷിയായ സഹോദരനെപോലെ പറയട്ടെ, താങ്കളുടെ വസ്ത്രവും വസ്ത്രധാരണവും ഇസ്ലാമീകരിക്കുക ദുർബോധനങ്ങൾ ഇട്ടു തരുന്ന ഇബ്ലീസിനെ തിരസ്കരിക്കുക.

അപ്രകാരം അല്ലാഹുവിനേയും റസൂൽ ﷺ യേയും സ്നേഹിക്കുക. അത്തരം ആളുകളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെയെല്ലാം ഉൾപെടുത്തു മാറാകട്ടെ آمين .

**പുതുവസ്ത്രം അണിയുമ്പാൾ ഉളള പ്രാർത്ഥന:**

اللَّهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ، أَسْأَلُكَ خَيْرَه وَخَيْرَ مَا صُنِعَ لَهُ، وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ

എന്നെ ഇത് ധരിപ്പിച്ച അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതികളും. ഇതിന്റേയും ഇത് ഉണ്ടാക്കുന്നതിന്റേയും നന്മ യെ ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റേയും ഇത് ഉണ്ടാക്കുന്നതിന്റെ യും തിന്മയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുകയും ചെയ്യുന്നു. (അബൂദാവൂദ്)

**വസ്ത്രംഅണിയുമ്പോഴുളള പ്രാർത്ഥന**

الحَمدُ لله الَّذِي كَسَانِي هذا الثَّوْبَ وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلاَ قُوَّةٍ

എന്റെ ശക്തിയോ കഴിവോ കൂടാതെ എനിക്ക് ഇത് നൽകുകയും ധരിപ്പിക്കുകയും ചെയ്ത നാഥാ നിനക്കാണ് സർവ്വ സ്തുതിയും (അബൂദാവൂദ്)

# آداب اللباس في الاسلام

[ باللغة مليالم ]


**ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA**
**8272772, 8054445**
**www.islamwhy.com**